സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം

24 (1079) ശ്രീ. കെ. ബാബു :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഞ്ചു വർഷത്തിലൊരിക്കൽ സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിക്കുന്നത് സർക്കാരിന് ബാദ്ധ്യതയാണെന്ന് പതിനൊന്നാം ധനകാര്യ കമ്മീഷനുമായി നടത്തിയ ചർച്ചയിൽ കമ്മീഷൻ അഭിപ്രായപ്പെടുകയുണ്ടായോ ;

(ബി) എങ്കിൽ കമ്മീഷന്റെ പ്രസ്തുത അഭിപ്രായത്തിൽ സർക്കാർ നൽകിയ മറുപടി എന്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേന്ദ്ര ശമ്പള പരിഷ്ക്കരണത്തിന്റെ തുടർച്ചയായിട്ടാണ് സംസ്ഥാന ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിക്കുന്നതെങ്കിൽ, അഞ്ച് വർഷത്തിലൊരിക്കൽ ശമ്പളം പരിഷ്ക്കരിക്കുന്നത്, ധനകാര്യ കമ്മി നേരിടുന്ന ഒരു സംസ്ഥാനം എന്ന നിലയിൽ മറ്റുള്ള പദ്ധതികൾക്കാവശ്യമായ വിഭവം ലഭ്യമാക്കുന്നതിന് ബുദ്ധിമുട്ടാകില്ലേയെന്ന് കമ്മീഷൻ ആരായുകയുണ്ടായി.

(ബി) സംസ്ഥാനത്ത് നിലവിലുള്ള പല ആനുകൂല്യങ്ങളും കേന്ദ്ര ജീവനക്കാർക്കുള്ളതിനേക്കാൾ വളരെ കുറവാണെന്നും, കേന്ദ്രം അനുവദിച്ച രണ്ട് ഗഡു ക്ഷാമബത്ത ഇതുവരെ സംസ്ഥാന ജീവനക്കാർക്ക് നൽകുവാൻ കഴിഞ്ഞിട്ടില്ലായെന്നും ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനെ സാമ്പത്തികമായി സഹായിക്കണമെന്നും മുഖ്യമന്ത്രിമാരുടേയും ധനകാര്യമന്ത്രിമാരുടേയും കോൺഫറൻസിൽ ആവശ്യപ്പെട്ടിരുന്ന കാര്യം ചർച്ചയിൽ വ്യക്തമാക്കുകയുണ്ടായി.

പെൻഷൻകാർക്ക് നൽകുന്ന ഉത്സവബത്ത

25 (1080) ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാന സർവ്വീസ് പെൻഷൻകാർക്ക് നൽകുന്ന ഉൽസവ ബത്തയായി ഒരു മാസത്തെ പെൻഷന് തുല്യമായ തുക അനുവദിക്കാൻ തീരുമാനം എടുക്കുമോ ;

(ബി) പെൻഷൻ ട്രഷറികളിൽ പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ;

(സി) പെൻഷൻകാർക്കായി ഒരു 'വയബിൾ മെഡിക്കൽ സ്കീം' നടപ്പിലാക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് പരിശോധിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly